പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 201

23.01.2014-ലെ മറുപടിയ്ക്ക്

## സഹകരണ കോൺഗ്രസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>,, എം.എ.വാഹീദ്<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ കോൺഗ്രസും എക്സ്പോയും സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലത്ത്, 2012 നവംബർ മാസം 13 മുതൽ 16 വരെ തൃശ്ശൂരിൽ വച്ച് 7-ാം സഹകരണ കോൺഗ്രസും, അതോടനുബന്ധിച്ച് 2012 നവംബർ 1 മുതൽ 25 വരെ തൃശ്ശൂരിൽ സഹകരണ എക്സ്പോ 2012 ഉം സംഘടിപ്പിച്ചിരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇവയിലൂടെ കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ സഹകരണ മേഖല കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തപ്പെടാനും, ലക്ഷ്യം വയ്ക്കേണ്ട ഭാവി ചർച്ച ചെയ്യപ്പെടാനുമാണ് ഇതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) എന്തെല്ലാം വിഷയങ്ങളാണ് ഇവയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ; | (സി) 7-ാം സഹകരണ കോൺഗ്രസിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സഹകരണ സംഘം നിയമ ഭേദഗതി.<br>2. കേരളത്തിലെ ആശുപത്രി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും.<br>3. ഖാദി ഗ്രാമ വ്യവസായ മേഖല കേരളത്തിൽ.<br>4. കേരളത്തിലെ ലേബർ |

കോൺട്രാക്ട് സഹകരണ സംഘങ്ങളും അവ നേരിടുന്ന പ്രശ്നങ്ങളും.

5. സഹകരണ ഭവന മേഖല സാധ്യതകളും മാർഗ്ഗങ്ങളും.
6. സഹകരണ പ്രസ്ഥാനവും പട്ടികജാതി/പട്ടികവർഗ്ഗ ജന വിഭാഗങ്ങളും.
7. സഹകരണ മേഖലയും ജീവനക്കാരും.
8. മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ.
9. പലവക സഹകരണ സംഘങ്ങൾ.
10. സാഹിത്യ പ്രവർത്തക സഹകരണ സംഘം.
11. സഹകരണ പ്രിന്റിംഗ് പ്രസ്സുകൾ.
12. ശാരീരിക മാനസിക വൈകല്യം നേരിടുന്നവരുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള സഹകരണ സംഘങ്ങളുടെ രൂപീകരണം.
13. കേരളത്തിലെ ക്ഷീര സഹകരണ മേഖല ഇന്ന്-നാളെ.
14. അർബൻ സഹകരണ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ.
15. പ്രൊഫഷണൽ വിദ്യാഭ്യാസവും സഹകരണ മേഖലയും.
16. കയർ സഹകരണ മേഖല 1952 മുതൽ 2012 വരെ.
17. ഉയർത്തെഴുന്നേല്പിനായി കേഴുന്ന കൈത്തറി വ്യവസായവും തൊഴിലും.
18. ഉപഭോക്തൃ പ്രസ്ഥാനം സഹകരണ മേഖലയിൽ.
19. സഹകരണ വായ്പാ മേഖല – പുത്തൻ അവസരങ്ങളും വെല്ലുവിളികളും.

20. വനിതാ സഹകരണ സംഘങ്ങൾ.
21. കാർഷിക ഗ്രാമ വികസന ബാങ്കും, സുസ്ഥിര കാർഷിക ഗ്രാമ വികസനവും.

| | |
|---|---|
| (ഡി) എന്തെല്ലാം തുടർ നടപടികളാണ് കോൺഗ്രസിനും എക്സ്പോയ്ക്കും ശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) സഹകരണ കോൺഗ്രസിനും എക്സ്പോയ്ക്കും ശേഷം, സഹകരണ കോൺഗ്രസിലെ ചർച്ചകളിൽ ഉയർന്ന് വന്നിട്ടുള്ള അഭിപ്രായങ്ങളിൽ സ്വീകാര്യമായവ 97-ാം ഭരണ ഘടനാ ഭേദഗതിക്ക് അനുസൃതമായി കേരളവും നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു പഠന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. കാർഷിക വിപണന സഹകരണ സംഘങ്ങൾക്ക് പ്രത്യേക ധന സഹായം ബഡ്ജറ്റിൽ വക കൊള്ളിക്കുന്നതിനും സംഘങ്ങളുടെ ആഡിറ്റ് കാലാനുസൃതമാക്കുന്നതിനും വിവിധ തരം സംഘങ്ങൾക്ക് ആഡിറ്റ് ഫീസ് കുറയ്ക്കുന്നതിനും അതോടൊപ്പം അർബൻ ബാങ്കുകൾക്കായി ഒരു അപ്പെക്സ് ബോഡി രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ